സ്വാമിശരണം

# തിരുവിതാംകൂർദേവസ്വംബോർഡ്

നന്തൻകോട് കവടിയാർ. പി.ഒ തിരുവനന്തപുരം 695003

ഫോൺ. 0471 2314288 ഇ മെയിൽ. dcotdb@gmail.com

**ROC നമ്പർ: 12319/25/ശബ** **30/06/2025**

കൊല്ലവർഷം 1201 ലെ ശബരിമല മണ്ഡലം – മകരവിളക്ക് മേടവിഷു, മാസപൂജ എന്നീ ഉത്സവങ്ങളോടനുബന്ധിച്ച് പമ്പ ദേവസ്വത്തിലേക്ക് കെട്ടുനിറയ്ക്ക് ആവശ്യമായ സാധനങ്ങൾ സപ്ലൈ ചെയ്യുന്നത് സംബന്ധിച്ച നിബന്ധനകൾ.

## നിബന്ധനകൾ

1. പമ്പ ദേവസ്വത്തിലേക്ക് കെട്ട് നിറയ്ക്ക് ആവശ്യമായ സാധങ്ങളുടെ അളവ് പ്രത്യേക ലിസ്റ്റായി ഇതോടൊപ്പം ചേർത്തിട്ടുണ്ട്. ആയതിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം ഡിപ്പാർട്ട്മെന്റിൽ നിന്നും നൽകേണ്ട ക്രമമാണ് തുക ക്വാട്ട് ചെയ്യേണ്ടത്.

2. ആവശ്യമായ സാധനങ്ങളുടെ അളവ് / തൂക്കം / എണ്ണം എന്നിവയും പ്രത്യേകം നോട്ടിഫിക്കേഷനായി ഈ പരസ്യത്തിനോടൊപ്പം ചേർത്തിട്ടുണ്ട്. അതിൽ പറയുന്ന ഏതെങ്കിലും ഇനം സപ്ലൈയിൽ നിന്ന് ഒഴിവാക്കുന്നതിനോ അളവ് / എണ്ണം കുറയ്ക്കുന്നതിനോ ആവശ്യമായി വന്നാൽ കൂടുതൽ സപ്ലൈ ചെയ്യുന്നതിന് നിർദ്ദേശിക്കുവാൻ ദേവസ്വം ബോർഡിന് അധികാര അവകാശങ്ങൾ ഉണ്ടായിരിക്കുന്നതും അതനുസരിച്ച് പ്രവർത്തിക്കുന്നതിന് ടെൻഡറുകാരൻ ബാദ്ധ്യസ്ഥനുമാണ്. സാധനങ്ങൾ എല്ലാം ഒന്നാംതരംത്തിലുള്ളവ ആയിരിക്കണം. ഒന്നാംതരത്തിലുള്ളതല്ലാത്ത സാധനങ്ങൾ ടെൻഡറുകാരൻ ഹാജരാക്കുകയും ഒഴിച്ചു കൂടാൻ പറ്റാത്ത ഏതെങ്കിലും സാഹചര്യത്തിൽ അവ സ്വീകരിക്കേണ്ടതായി വരികയും ചെയ്താൽ അപ്രകാരം ഹാജരാക്കുന്ന സാധനങ്ങൾക്ക് ദേവസ്വം ബോർഡ് നിശ്ചയിക്കുന്ന റേറ്റ് അനുസരിച്ചുള്ള വില സ്വീകരിക്കുവാൻ കുത്തകക്കാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നതും അതിന്മേൽ പരാതിപ്പെടാൻ കുത്തകക്കാരന് അർഹതയില്ലാത്തതുമാണ്. കുത്തക മുടക്കം വരുത്തിയാൽ വേറെ ആൾ ഏർപ്പെടുത്തിയോ, കൈവിലയ്ക്ക് വാങ്ങിയോ സാധനങ്ങൾ സംഭരിക്കുന്നതും അതിൽ വച്ച് ദേവസ്വം ബോർഡിനുണ്ടാകുന്ന നഷ്ടം ടെൻഡറുകാരിൽ നിന്നും ഈടാക്കുന്നതും ലാഭമുണ്ടായാൽ ടെൻഡറുകാരന് ആയതിന് അവകാശമില്ലാത്തതുമാകുന്നു.

3. ഇ–ടെൻഡറുകൾ **14/07/2025 പകൽ 11 മണിയ്ക്ക്** മുമ്പായി www.etenderskerala.gov.inമുഖേന സമർപ്പിക്കേണ്ടതാണ്.

4. ടെൻഡറിനോടൊപ്പം **25,000/– രൂപ** നിരതദ്രവ്യം ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

5. **ടെന്ററിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങൾ/ വ്യക്തികൾ എന്നിവർക്ക് fssai ലൈസൻസ്, ജി.എസ്.റ്റി രജിസ്ട്രേഷൻ എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.ആയതിന്റെ പകർപ്പ് ടെന്ററിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.**

6. ടെൻഡർ **15/07/2025** പകൽ **11** മണിക്ക് അപ്പോൾ ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ ദേവസ്വം കമ്മീഷണർ ഓഫീസിൽ വച്ച് പരിശോധിക്കുന്നതാണ്.

7. നിശ്ചിത നിരതദ്രവ്യം ഹാജരാക്കാത്തവരുടെ ടെൻഡറുകൾ യാതൊരു കാരണവാശാലും സ്വീകരിക്കുന്നതല്ല.

8. ടെൻഡറിൽ രേഖപ്പെടുത്തുന്ന നിരക്കുകൾ എല്ലാതരം നികുതികളും ഉൾപ്പെടെ ഉള്ളതായിരിക്കണം. സാധനങ്ങളുടെ സപ്ലൈയുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള നികുതി സർക്കാരിലേക്ക് നൽകേണ്ടതായി വരുന്നപക്ഷം ആയത് കുത്തകക്കാരന്റെ പൂർണ്ണ ഉത്തരവാദിത്വവും ബാദ്ധ്യതയുമായിരിക്കും.

9. ടെൻഡർ നിരക്കുകൾ കൊല്ലവർഷം 1201 ലെ ഉത്സവങ്ങളുടെ കാലയളവ് 2025 നവംബർ 11 മുതൽ 2026 ഒക്ടോബർ 31 വരെ മുഴുവൻ ബാധകമായിരിക്കുന്നതാണ്.

10. ടെന്ററിൽ പങ്കെടുത്തശേഷമോ കുത്തക അനുവദിച്ചിട്ടുള്ള രേഖാമൂലമുള്ള അറിയിപ്പ് ലഭിച്ചശേഷമോ ടെന്ററിൽ നിന്നും പിന്മാറുന്നവരുടെ നിരതദ്രവ്യം ഡിപ്പാർട്ട്മെന്റിലേയ്ക്ക് കണ്ടുകെട്ടുന്നതാണ്.

11. ഏതെങ്കിലും ഐറ്റത്തിന് പരസ്യത്തിൽ രേഖപ്പെടുത്തിയതിനെക്കാൾ കൂടുതൽ അളവ് ആവശ്യമാണെന്ന് കണ്ടാൽ ആയത് അറിയിക്കുന്നതിനനുസരിച്ച് ടെൻഡർ നിരക്കിൽ സപ്ലൈ ചെയ്യാൻ ടെൻഡറുകാരൻ ബാദ്ധ്യസ്ഥനാണ്.

12. ടെൻഡർ അംഗീകരിക്കുന്നത് സംബന്ധിച്ചുള്ളഅറിയിപ്പ് ലഭിച്ച് ഏഴ് ദിവസങ്ങൾക്കകം കുത്തകക്കാരൻ ശബരിമല എക്സിക്യൂട്ടീവ് ഓഫീസറുമായി ഉടമ്പടി വച്ച് സെക്യൂരിറ്റി ആയി 1,00,000/- (ഒരുലക്ഷംരൂപ) ഹാജരാക്കേണ്ടതും, ഐറ്റങ്ങൾ സപ്ലൈ ചെയ്യേണ്ടതുമാണ്. അറിയിപ്പ് ലഭിച്ച് ഏഴ് ദിവസത്തിനകം ഉടമ്പടി വയ്ക്കുന്നതിലും സെക്യൂരിറ്റി തുക ഹാജരാക്കുന്നതിലും വീഴ്ച വരുത്തുന്ന പക്ഷം നിരതദ്രവ്യം മുതൽക്കൂട്ടി തൊട്ടടുത്ത റേറ്റ് ക്വാട്ട് ചെയ്തിട്ടുള്ള ടെൻഡർകാരനെ ക്ഷണിക്കുന്നതിനോ മറ്റ് ഏർപ്പാടുകൾ ചെയ്യുന്നതിനോ ദേവസ്വം ബോർഡിന് അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതും അതിൽവച്ച് ഉണ്ടാകുന്ന കഷ്ടനഷ്ടത്തിന് വീഴ്ചവരുത്തിയ ടെൻഡറുകാരൻ മാത്രം പൂർണ്ണ ഉത്തരവാദി ആയിരിക്കുന്നതുമാണ്.

13. നിർദ്ദേശിക്കുന്ന തീയതിക്കുള്ളിൽ ആവശ്യപ്പെട്ടിരിക്കുന്ന സാധനങ്ങൾ സപ്ലൈ ചെയ്യാത്തവരുടെ കുത്തക യാതൊരു മുന്നറിയിപ്പും കൂടാതെ റദ്ദ് ചെയ്യുന്നതിനും മഹോത്സവത്തിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി മറ്റ് വിധത്തിൽ നടപടി സ്വീകരിക്കുന്നതിനും ബോർഡിന് അവകാശമുള്ളതും തൻമൂലം ബോർഡിനുണ്ടാകുന്ന എല്ലാ കഷ്ട നഷ്ടങ്ങൾക്കും കുത്തകക്കാരൻ മാത്രം ഉത്തരവാദിയായിരിക്കുന്നതുമാണ്.

14. ടെന്റർ സ്വീകരിക്കുന്നതിനും യാതൊരു കാരണവും പറയാതെ നിരസിക്കുന്നതിനും ദേവസ്വം ബോർഡിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

15. ടെൻഡർ ലഭിക്കുന്ന സ്ഥാപനത്തിന്/ വ്യക്തിക്ക് ദേവസ്വം ബോർഡിന്റെ രേഖാമൂലമുള്ള അനുവാദം കൂടാതെ കുത്തകയുടെ അവകാശം കൈമാറുന്നതിനോ കീഴ്കുത്തക കൊടുക്കുന്നതിനോ അധികാരവും അവകാശവും ഇല്ലാത്തതാണ്.

16. കുത്തക/ടെൻഡർ സംബന്ധിച്ചുള്ള വ്യവഹാരങ്ങൾ പത്തനംതിട്ട ജില്ലാ കോടതിയുടെ അധികാര പരിധിക്കുള്ളിലായിരിക്കും.

17. ആവശ്യമായ സാധനങ്ങൾ ശബരിമല എക്സിക്യൂട്ടീവ് ഓഫീസിൽ നിന്നും നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ദേവസ്വം സ്റ്റോറിൽ എത്തിക്കേണ്ടതാണ്.

18. ടെൻഡർ ലഭിക്കുന്ന സ്ഥാപനത്തിന്റെ പ്രതിനിധി കുത്തക അവകാശം ലഭിച്ച് ഏഴ് ദിവസത്തിനകം ശബരിമല എക്സിക്യൂട്ടീവ് ഓഫീസറുമായി ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണ്. എക്സിക്യൂട്ടീവ് ഓഫീസർ ആവശ്യപ്പെടുന്ന മുറയ്ക്ക് ബാങ്ക് ഗ്യാരണ്ടി ഹാജരാക്കേണ്ടതുമാണ്.

19. ടെന്റർ നോട്ടിഫിക്കേഷനിൽ പരാമർശിക്കുന്ന സാധനങ്ങൾ ഭാഗികമായോ, പൂർണ്ണമായോ സ്വീകരിക്കുന്നതിനും, നിരാകരിക്കുന്നതിനും തിരുവിതാംകൂർ ദേവസ്വം ബോർഡിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. ബന്ധപ്പെട്ട ദേവസ്വം ഉദ്യോഗസ്ഥൻ കൈപ്പറ്റിയിട്ടുള്ള അളവിലെ സാധനങ്ങൾക്കുള്ള പേയ്മെന്റ് മാത്രമെ നൽകുകയുള്ളു.

20. ശബരിമല എക്സിക്യൂട്ടീവ് ഓഫീസറിൽ നിന്നും രേഖാമൂലം ലഭിക്കുന്ന കത്തിൽ പരാമർശിക്കുന്ന അളവിലുള്ള സാധനങ്ങൾ മാത്രമെ സ്റ്റോറിൽ എത്തിക്കുവാൻ പാടുള്ളൂ. അധികമായി എത്തിക്കുന്ന സാധനങ്ങൾക്കുള്ള പേയ്മെന്റ് യാതൊരു കാരണവശാലും നൽകുന്നതല്ല.

**21. ടെന്ററുകാരന് പ്രാപ്തിയില്ലായെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം പ്രസ്തുത ടെന്റർ നിരസിക്കുന്നതിന് ഡിപ്പാർട്ട്മെന്റിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.**

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി,
(ഒപ്പ്)
ദേവസ്വം കമ്മീഷണർ

സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട് കവടിയാർ. പി.ഒ തിരുവനന്തപുരം 695003

ഫോൺ. 0471 2314288 ഇ മെയിൽ. dcotdb@gmail.com

ROC നമ്പർ: 12319/25/ശബ 30/06/2025

## പമ്പദേവസ്വത്തിലെ കെട്ടുനിറവഴിപാടിന് ആവശ്യമായ സാധനങ്ങൾ ലഭ്യമാക്കുന്നതിലേയ്ക്കുള്ള ഇ-ടെൻഡർ പരസ്യം

കൊല്ലവർഷം 1201 എം.ഇ. വൃശ്ചികം 1 മുതൽ 1202 തുലാം 20 വരെയും കൂടാതെ ചിത്തിര ആട്ടവിശേഷദിവസവും (2025 നവംബർ 11 മുതൽ 2026 ഒക്ടോബർ 31) യുള്ള കാലയളവിലേക്ക് പമ്പ ദേവസ്വത്തിൽവച്ച് അയ്യപ്പഭക്തർക്ക് കെട്ടുനിറവഴിപാടിന് ആവശ്യമായ സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് ഇ-ടെൻഡറുകൾക്ഷണിക്കുന്നു. ടെന്റർ ഓൺലൈൻ ആയി **14/07/2025** പകൽ **11** മണിക്ക് മുമ്പായി www.etenderskerala.gov.inമുഖാന്തിരംസമർപ്പിക്കേണ്ടതാണ്. ടെന്റർ **15/07/2025** പകൽ **11** മണിക്ക് തിരുവനന്തപുരത്തുള്ള ദേവസ്വം കമ്മീഷണർ ഓഫീസിൽ വച്ച്തുറന്ന്പരിശോധിക്കുന്നതാണ്.

കരാറുകാരൻ ലഭ്യമാക്കേണ്ട സാധനങ്ങളുടെ അളവ് കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുന്നതിന് ദേവസ്വം ബോർഡിന് അധികാര അവകാശങ്ങൾ ഉണ്ടായിരിക്കുന്നതും, അതനുസരിച്ച് ദേവസ്വം ബോർഡ് ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്ന പ്രകാരം സപ്ലൈ ചെയ്യുന്നതിന് കരാറുകാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്. ടെൻഡറിനൊപ്പം 25,000/- രൂപയുടെ ഇ.എം.ഡി. ഓൺലൈൻആയി ഹാജരാക്കേണ്ടതാണ്.

ചുവടെ വിവരിക്കുന്ന സാധനങ്ങൾ ഉദ്ദേശ അളവ് ആവശ്യാനുസരണം ഒരു വർഷത്തേയ്ക്ക് ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത സാധനങ്ങൾ പായ്ക്കറ്റുകളിലാക്കിയാണ് പമ്പ സ്റ്റോറിൽ ലഭ്യമാക്കേണ്ടത്. **യാതൊരു കാരണവശാലും പ്ലാസ്റ്റിക് സാധനങ്ങൾ ഉൾപ്പെടുത്തുവാൻ പാടുള്ളതല്ല.** കെട്ട് നിറയ്ക്കായി സപ്ലൈ ചെയ്യുന്ന നെയ്യ് ഭക്ഷ്യസുരക്ഷാമാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടുള്ളതായിരിക്കണം.A-1/S.K.C/Milma എന്നീ കമ്പനികളുടെ അഗ്മാർക്ക് നെയ്യ് മാത്രമെ സപ്ലൈ ചെയ്യുവാൻ പാടുള്ളൂ. പമ്പാ ദേവസ്വത്തിലെ കെട്ട്നിറ വഴിപാടിന് തൻവർഷംആവശ്യമായ സാധനങ്ങളുടെ വിവരംചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഐറ്റം | എണ്ണം / അളവ് | റിമാർക്സ് |
|---|---|---|---|
| 1 | ഇരുമുടി സഞ്ചി | 4,00,000 എണ്ണം | ഇരുമുടി സഞ്ചി ഒന്ന്, ചെറിയ സഞ്ചി രണ്ട്, നാളികേരം – മൂന്ന് എണ്ണം, നെയ്യ് 100 മില്ലി ലിറ്റർ, മലർ 50 ഗ്രാം, അവൽ 50 ഗ്രാം., ഉണക്കമുന്തിരി 25 ഗ്രാം, കൽക്കണ്ടം 50 ഗ്രാം, ശർക്കര 100 ഗ്രാം, മഞ്ഞൾപ്പൊടി 10 ഗ്രാം, കർപ്പൂരം 5 ഗ്രാം, കളഭം 10 ഗ്രാം, ഉണക്കലരി 250 ഗ്രാം, കോർക്ക് ഒന്ന്, അരക്ക് (വാക്സ്) 10 ഗ്രാം., ഭസ്മം 10 ഗ്രാം., കാണിപ്പൊന്ന് – 1 എണ്ണം എന്നിവ ഒരു കിറ്റിലാക്കി സപ്ലൈ ചെയ്യേണ്ടതാകുന്നു |
| 2 | ചെറിയ സഞ്ചി | 8,00,000 എണ്ണം | |
| 3 | നാളികേരം (100 മില്ലി നെയ്യ് നിറയ്ക്കാവുന്നത്) | 12,00,000 എണ്ണം | |
| 4 | നെയ്യ് | 40,000 ലിറ്റർ | |
| 5 | മലർ | 20,000 കി.ഗ്രാം. | |
| 6 | അവൽ | 20,000 കി.ഗ്രാം. | |
| 7 | ഉണക്ക മുന്തിരി | 10,000 കി.ഗ്രാം. | |
| 8 | കൽക്കണ്ടം | 20,000 കി.ഗ്രാം. | |
| 9 | ശർക്കര | 40,000 കി.ഗ്രാം. | |
| 10 | മഞ്ഞൾപൊടി | 4,000 കി.ഗ്രാം. | |
| 11 | കർപ്പൂരം | 2,000 കി.ഗ്രാം. | |
| 12 | കളഭം | 4,000 കി.ഗ്രാം | |
| 13 | ഉണക്കലരി | 1,00,000 കി.ഗ്രാം | |
| 14 | കോർക്ക് | 4,00,000 എണ്ണം | |
| 15 | അരക്ക് (വാക്സ്) | 4,000 കി.ഗ്രാം. | |
| 16 | ഭസ്മം | 4,000 കി.ഗ്രാം. | |
| 17 | കാണിപ്പൊന്ന് | 4,00,000എണ്ണം | |

ഇരുമുടി സഞ്ചി – ഒന്ന്, ചെറിയ സഞ്ചി – രണ്ട്, നാളികേരം – മൂന്ന് എണ്ണം, നെയ്യ് – 100 മില്ലിലിറ്റർ, മലർ – 50 ഗ്രാം, അവൽ – 50 ഗ്രാം., ഉണക്കമുന്തിരി – 25 ഗ്രാം, കൽക്കണ്ടം – 50 ഗ്രാം, ശർക്കര – 100 ഗ്രാം, മഞ്ഞൾപ്പൊടി – 10 ഗ്രാം, കർപ്പൂരം – 05 ഗ്രാം, കളഭം – 10 ഗ്രാം., ഉണക്കലരി – 250 ഗ്രാം., കോർക്ക് – ഒന്ന്, അരക്ക് (വാക്സ്) – 10 ഗ്രാം., ഭസ്മം – 10 ഗ്രാം., കാണിപ്പൊന്ന് – 1 എണ്ണം എന്നിവയാണ് ഒരു കെട്ടുനിറവഴിപാടിന് ആവശ്യമായ സാധനങ്ങൾ. ഒരു കെട്ടുനിറയ്ക്ക് ഡിപ്പാർട്ട്മെന്റിൽ നിന്നും നൽകേണ്ട തുക എന്ന ക്രമത്തിലാണ് തുക ക്വോട്ട് ചെയ്യേണ്ടത്.

മേൽ വിവരിച്ചതിൽ 12,00,000 നാളികേരവും മറ്റ് ഐറ്റങ്ങളുടെ 1/4 അളവും 2025 നവംബർ 05 ന് മുമ്പായി പമ്പ സ്റ്റോറിൽ എത്തിക്കേണ്ടതാണ്. ബാക്കി അളവ് എക്സിക്യൂട്ടീവ് ഓഫീസറുടെ നിർദേശാനുസരണം ഉടമ്പടി കാലാവധിക്കകം സപ്ലൈ ചെയ്യേണ്ടതാണ്. കുത്തക ലഭിക്കുന്നവർ അറിയിപ്പ് ലഭിച്ച് ഏഴ് ദിവസത്തിനകം ഒരു ലക്ഷം രൂപയുടെ ബാങ്ക് ഗ്യാരന്റി ഹാജരാക്കി എക്സിക്യൂട്ടീവ് ഓഫീസറുമായി ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്കായി ഈ ഓഫീസിലോ (0471–2314288) ശബരിമല ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസിലോ (04735–202026) ബന്ധപ്പെടേണ്ടതാണ്.

.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി,
(ഒപ്പ്)
ദേവസ്വം കമ്മീഷണർ

**പമ്പയിൽ 1201 എം.ഇ.യിൽ കെട്ടുനിറയ്ക്ക് ആവശ്യമായ**

**സാധനങ്ങളുടെ വിവരമടങ്ങുന്ന സ്റ്റേറ്റ്മെന്റ്**

| ക്രമ നമ്പർ | ഇനം | കെട്ടുനിറങ്ങന്നിന് |
|---|---|---|
| 1 | ഇരുമുടി സഞ്ചി | 1 എണ്ണം |
| 2 | ചെറിയ സഞ്ചി | 2 എണ്ണം |
| 3 | നാളികേരം<br>(100 മില്ലി നെയ്യ് നിറയ്ക്കാവുന്നത്) | 3 എണ്ണം |
| 4 | നെയ്യ് | 100 മില്ലി. |
| 5 | മലർ | 50 ഗ്രാം. |
| 6 | അവൽ | 50 ഗ്രാം. |
| 7 | ഉണക്ക മുന്തിരി | 25 ഗ്രാം. |
| 8 | കൽക്കണ്ടം | 50 ഗ്രാം. |
| 9 | ശർക്കര | 100 ഗ്രാം. |
| 10 | മഞ്ഞൾപൊടി | 10 ഗ്രാം. |
| 11 | കർപ്പൂരം | 5 ഗ്രാം |
| 12 | കളഭം | 10 ഗ്രാം |
| 13 | ഉണക്കലരി | 250 ഗ്രാം |
| 14 | കോർക്ക് | 1 എണ്ണം |
| 15 | അരക്ക് (വാക്സ്) | 10 ഗ്രാം. |
| 16 | ഭസ്മം | 10 ഗ്രാം. |
| 17 | കാണിപ്പൊന്ന് | 1 എണ്ണം |

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി,
(ഒപ്പ്)
ദേവസ്വം കമ്മീഷണർ